"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - തൃശ്ശൂർ, ജില്ലയിലെ എറിയാട്, എ.എം.ഐ.യു.പി.എസ് ലെ അറബിക് ടീച്ചറായ ശ്രീമതി അൻസ പി.എ.യുടെ ഭർത്താവിന്റെ ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3709/2025/GEDN തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:-

1. തൃശ്ശൂർ ജില്ലയിലെ എറിയാട്, എ.എം.ഐ.യു.പി.എസ്. ലെ അറബിക് ടീച്ചർ ആയ ശ്രീമതി അൻസ പി.എ സമർപ്പിച്ച അപേക്ഷ.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 30/09/2024 തീയതിയിലെ എം.ആർ1/22019/2024/ആ.വ.ഡ നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29/10/2024 തീയതിയിലെ ആർ2/19345/2023/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ എറിയാട്, എ.എം.ഐ. യു.പി.എസ് ലെ അറബിക് ടീച്ചറായ ശ്രീമതി അൻസ പി.എ. യുടെ ഭർത്താവിന്റെ ചികിത്സയ്ക്കായി 15/07/2018 മുതൽ 19/07/2018 വരെയുള്ള കാലയളവിൽ എറണാകുളം ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ ചെലവായ 3,27,386/-രൂപ പ്രതിപൂരണം ചെയ്യുന്നതിലേക്കായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശം (2) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച 83,614/- രൂപയുടെ 80% പ്രതിപൂരണം ചെയ്തു നൽകുന്നതിനായി പരാമർശം (3) കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ മേൽ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ എറിയാട്, എ.എം.ഐ. യു.പി.എസ്-ലെ അറബിക് ടീച്ചർ ആയ ശ്രീമതി അൻസ പി.എ. യുടെ ഭർത്താവിന്റെ ചികിത്സയ്ക്ക് എറണാകുളം ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ 15/07/2018 മുതൽ 19/07/2018 വരെയുള്ള കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 83,614/- രൂപയുടെ 80% ആയ 66,891/- രൂപ (അറുപത്തി ആറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം), പ്രതിപൂരണം ചെയ്ത് നൽകുന്നതിനു പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASWATHY K

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (ബില്ലുകളും അനുബന്ധ രേഖകളും ഉൾപ്പെടെ).
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊടുങ്ങല്ലൂർ.
ശ്രീമതി. അൻസ പി.എ, അറബിക് ടീച്ചർ, എ.എം.ഐ. യു.പി.എസ്.എറിയാട്, തൃശ്ശൂർ.
പ്രധാനാദ്ധ്യാപിക, എ.എം.ഐ. യു.പി.എസ്.എറിയാട്, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (16-05-2025-ലെ Loans-L2/73/2025-FIN (E 3042563) നമ്പർ കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 09-06-2025 11:45:49
സെക്ഷൻ ഓഫീസർ